പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3618 — 30.01.2014 ൽ മറുപടിക്ക്

## പോലീസ് വകുപ്പിൽ സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>'' ഐ.സി. ബാലകൃഷ്ണൻ<br>'' സി. പി. മുഹമ്മദ്<br>'' ഷാഫി പറമ്പിൽ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) സേവനാവകാശനിയമം പോലീസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത നിയമം വഴി ലഭ്യമാകുക ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) 1.മൈക്ക് ഉപയോഗിക്കുന്നതിനുള്ള അനുവാദം.<br>2.പ്രൊസഷനുകൾ നടത്തുന്നതിനുള്ള അനുവാദം<br>3.പാസ്പോർട്ട് അന്വേഷണം<br>4.പരാതി അന്വേഷണം.<br>5.പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത്<br>6.എഫ്.ഐ.ആറിന്റെ പകർപ്പ് നൽകുന്നത്<br>7.പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് നൽകുന്നത്<br>8.പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത്.<br>9.ആയുധങ്ങളും സ്ഫോടക വസ്തുക്കളും സംബന്ധിച്ച ലൈസൻസുകൾ നൽകുന്നത്.<br>10.ജോലി സംബന്ധമായ വെരിഫിക്കേഷൻ.<br>11.വിദേശികളുടെ രജിസ്ട്രേഷൻ<br>12.കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിട്ടുകൊടുക്കുന്നത്.<br>13.സമൻസുകൾ നൽകുന്നതും വാറണ്ടുകൾ നടപ്പിലാക്കുന്നതും. |

14.പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണം.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ;

(ഡി) ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് വേണ്ടത്ര പ്രചാരണം നൽകുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) യും (ഡി) യും: സേവനാവകാശ നിയമം 2012 പ്രകാരം പോലീസ് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിലും കേരള പോലീസ് വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സേവനാവകാശ നിയമത്തിലെ ചട്ടം 6 പ്രകാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും എല്ലാ ജില്ലാ പോലീസ് ഓഫീസുകളുടെയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ചട്ടം പാലിക്കാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാർക്കും കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ